**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - തിരുവനന്തപുരം നഗരസഭ – സർവ്വീസിലിരിക്കെ മരണമടഞ്ഞ സാനിട്ടറി വർക്കർ ജി.രാധാകൃഷ്ണന് 1,11,736/- രൂപ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റായി അനുവദിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം.1483/2017/തസ്വഭവ. തിരുവനന്തപുരം, തീയതി : 08/05/2017

പരാമർശം :
1) ശ്രീമതി.കുശലകുമാരി W/o Late ജി.രാധാകൃഷ്ണൻ 14/10/2014 തീയതിയായി സമർപ്പിച്ച അപേക്ഷ.
2) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 06/02/2015 തീയതിയിലെ എം.എച്ച്5/2947/15/ഡിഎച്ച്എസ് നമ്പർ വെരിഫിക്കേഷൻ റിപ്പോർട്ട്.
3) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 01/07/2015 തീയതിയിലെ എം.എച്ച്5/36280/15/ഡിഎച്ച്എസ് നമ്പർ വെരിഫിക്കേഷൻ റിപ്പോർട്ട്.
4) തിരുവനന്തപുരം നഗരസഭാ കൗൺസിലിന്റെ 21/08/2015 തീയതിയിലെ 3 എ(32) -ാം നമ്പർ തീരുമാനം.
5) നഗരകാര്യ ഡയറക്ടറുടെ 05/10/2015 തീയതിയിലെ ഡിസി1-21687/2015 നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം നഗരസഭയിൽ സാനിട്ടറി വർക്കറായിരുന്ന മരണമടഞ്ഞ ജി.രാധാകൃഷ്ണന് ഹൃദയസംബന്ധമായ അസുഖത്തിന് തിരുവനന്തപുരം മെഡിക്കൽ കോളെജ് ആശുപത്രിയിൽ നടത്തിയ ചികിത്സയ്ക്ക് ചെലവായ 1,11,736/- രൂപ (ഒരു ലക്ഷത്തി പതിനൊന്നായിരത്തി എഴുനൂറ്റി മുപ്പത്തിയാറു രൂപാ മാത്രം) മെഡിക്കൽ റീ-ഇംബേഴ്സ്മെന്റായി അനുവദിക്കണമെന്ന പരാമർശം (1) പ്രകാരമുള്ള ടിയാന്റെ ഭാര്യ ശ്രീമതി.കുശലകുമാരിയുടെ അപേക്ഷ, പരാമർശം (2), (3) പ്രകാരമുള്ള ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെരിഫിക്കേഷൻ റിപ്പോർട്ടുകളുടെയും പരാമർശം (4) പ്രകാരമുള്ള നഗരസഭാ കൗൺസിൽ തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ, പരാമർശം (5) പ്രകാരം നഗരകാര്യ ഡയറക്ടർ സർക്കാരിന് സമർപ്പിച്ചു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം നഗരസഭയിൽ സാനിട്ടറി വർക്കറായിരുന്ന മരണമടഞ്ഞ ജി.രാധാകൃഷ്ണന് ഹൃദയസംബന്ധമായ അസുഖത്തിന് തിരുവനന്തപുരം മെഡിക്കൽ കോളെജ് ആശുപത്രിയിൽ നടത്തിയ ചികിത്സയ്ക്ക് ചെലവായ 1,11,736/- രൂപ (ഒരു ലക്ഷത്തി പതിനൊന്നായിരത്തി എഴുനൂറ്റി മുപ്പത്തിയാറു രൂപാ മാത്രം) പ്രസ്തുത മെഡിക്കൽ ബില്ലുകളുടെ വാസ്തവികത, അർഹത, കൃത്യത എന്നിവ തിരുവനന്തപുരം നഗരസഭാ

സെക്രട്ടറിയും നഗരകാര്യ ഡയറക്ടറും പരിശോധിച്ച് ഉറപ്പ് വരുത്തിക്കൊള്ളണമെന്ന വ്യവസ്ഥയിലും ടി തുക തിരുവനന്തപുരം നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും വിനിയോഗിക്കണമെന്ന വ്യവസ്ഥയിലും കേരള ഗവൺമെന്റ് എംപ്ലോയീസ് മെഡിക്കൽ അറ്റൻഡൻസ് റൂൾസ് 1960 പ്രകാരം റീ-ഇംബേഴ്സ്മെന്റായി അനുവദിക്കുന്നതിന് നഗരകാര്യ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**
എസ്.മോഹൻദാസ്
ജോയിന്റ് സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം (മെഡിക്കൽ ബില്ലുകളും അനുബന്ധരേഖകളും ഉൾപ്പെടെ)
സെക്രട്ടറി, തിരുവനന്തപുരം നഗരസഭ
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ